കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വിവാഹങ്ങൾ സാധുകരിക്കൽ ആക്റ്റ്, 1892

(1892-ലെ 2-ാം നമ്പർ ആക്റ്റ്)

വില

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റു പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റു പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.
1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വിവാഹങ്ങൾ സാധൂകരിക്കൽ ആക്ററ്, 1892

(1892-ലെ 2-ാം നമ്പർ ആക്ററ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറുപ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറു പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1981

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# വിവാഹങ്ങൾ സാധൂകരിക്കൽ ആക്ററ്, 1892

(1892-ലെ 2-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറുപ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1981

# വിവാഹങ്ങൾ സാധൂകരിക്കൽ ആക്ററ്, 1892
## (1892-ലെ 2)

[1892 ജനുവരി, 29]

ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്ററ്, 1872, ഭാഗം VI-ൻ കീഴിൽ ആഘോഷിക്കപ്പെട്ടിട്ടുള്ള ചില വിവാഹങ്ങൾ സാധൂകരിക്കാനുള്ള ആക്ററ്.

ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്ററ്, 1872, (1872-ലെ 15) ഭാഗം VI-ൽ ഇരുവരും ഇൻഡ്യൻ ക്രിസ്ത്യാനികളായിരിക്കുന്ന ആളുകൾ തമ്മിലുള്ള വിവാഹങ്ങളുടെ ആഘോഷത്തിനു വ്യവസ്ഥചെയ്തിരിക്കുകയും, എന്നാൽ, അവരിൽ ഒരാൾ മാത്രം ഇൻഡ്യൻ ക്രിസ്ത്യാനിയായിരിക്കുന്ന വിവാഹങ്ങളുടെ ആഘോഷത്തിന് വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നതിനാലും ;

ആ ആക്ററിന്റെ 9-ാം വകുപ്പിൻകീഴിൽ ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ആളുകൾ, നിയമത്തെക്കുറിച്ചുള്ള അജ്ഞതയാൽ തങ്ങളുടെ സാന്നിദ്ധ്യത്തിൽ, ഒരാൾ ഇൻഡ്യൻ ക്രിസ്ത്യാനിയായിരിക്കുകയും, മററേ ആൾ ഇൻഡ്യൻ ക്രിസ്ത്യാനി അല്ലാതിരിക്കുകയും ചെയ്യുന്ന ആളുകൾ തമ്മിൽ വിവാഹങ്ങൾ മുൻപറഞ്ഞ ഭാഗത്തിൻ കീഴിൽ ആഘോഷിക്കപ്പെടാൻ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ അനുവദിച്ചിട്ടുള്ളതിനാലും ;

ഉത്തമവിശ്വാസപൂർവ്വം ആഘോഷിക്കപ്പെട്ടവയായിരിക്കെ അങ്ങനെയുള്ള വിവാഹങ്ങൾ സാധൂകരിക്കേണ്ടത് സമീചീനമായിരിക്കയാലും, ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്യുന്നു:—

1. [റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്ററ് (1914-ലെ 10) പ്രകാരം റദ്ദാക്കിയിരിക്കുന്നു.] — *പ്രാരംഭം*

2. ഈ ആക്ററിൽ, ''ഇൻഡ്യൻ ക്രിസ്ത്യാനി'' എന്ന പദത്തിന്, ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്ററ്, 1872-ലെ അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്. — *നിർവ്വചനങ്ങൾ*

3. ഇരുവരിൽ ഒരാൾ മാത്രം ഇൻഡ്യൻ ക്രിസ്ത്യാനിയായിരുന്ന ആളുകൾ തമ്മിൽ ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്ററ്, 1872, (1872-ലെ 15) ഭാഗം VI-ൻ കീഴിൽ ആഘോഷിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള എല്ലാ വിവാഹങ്ങളും, അങ്ങനെയുള്ള വിവാഹങ്ങൾ ഇരുവരും ഇൻഡ്യൻ ക്രിസ്ത്യാനികളായിരുന്ന ആളുകൾ തമ്മിൽ ആഘോഷിക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെ നിയമപ്രകാരം അന്യൂനമായതും സാധുതയുള്ളതുമായിരിക്കുന്നതാണ് : — *ക്രമരഹിതമായ വിവാഹങ്ങൾ സാധൂകരിക്കൽ*

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും അകൃതവും ശൂന്യവുമാണെന്ന് ജുഡീഷ്യലായി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്ന ഏതെങ്കിലും വിവാഹത്തിനോ അല്ലെങ്കിൽ അങ്ങനെനുള്ള വിവാഹം ആഘോഷിച്ചതിനുശേഷവും ഈ ആക്ററിന്റെ പ്രാരംഭത്തിനു മുൻപുമായി ഇരുകക്ഷികളിൽ ആരെങ്കിലും, സാധുവായ ഒരു വിവാഹം കഴിച്ചിട്ടുള്ള ഏതെങ്കിലും സംഗതിക്കോ ബാധകമായിരിക്കുന്നതല്ല.

4. നിയമപ്രകാരം അന്യൂനമായതും സാധുവായതും ആണെന്ന് തൊട്ടുമുൻപിലത്തെ പ്രഖ്യാപിക്കുന്ന വിവാഹങ്ങളുടെ സർട്ടിഫിക്കററുകളും തൽസമയം പ്രാബല്യത്തിലുള്ള നിയമം അനുസരിച്ച് ഡെപ്പാസിററ് ചെയ്യുന്ന രജിസ്ററർ ബുക്കുകളും അവയിൽ നിന്നുള്ള എക്സ്ട്രാക്ററുകളുടെ ശരിയായതും മുറപ്രകാരം പ്രമാണീകരിക്കപ്പെട്ടതുമായ സർട്ടിഫൈ ചെയ്യപ്പെട്ട പകർപ്പുകളും ആ രജിസ്ററർ ബുക്കുകളും, എക്സ്ട്രാക്ററുകളും മേൽപ്പറഞ്ഞ വിവാഹങ്ങളെ സംബന്ധിക്കുന്നിടത്തോളവും, അങ്ങനെയുള്ള വിവാഹങ്ങൾ, ഇരുവരും ഇൻഡ്യൻ ക്രിസ്ത്യാനികളായിരുന്ന ആളുകൾ തമ്മിൽ ആഘോഷിക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെ, ആ വിവാഹങ്ങളുടെ തെളിവായി സ്വീകരിക്കപ്പെടുന്നതാണ്. — *ക്രമരഹിതമായ വിവാഹങ്ങളുടെ റിക്കാർഡുകൾ സാധൂകരിക്കൽ*

5. ഇൻഡ്യൻ ക്രിസ്ത്യാനി വിവാഹ ആക്ററ്, 1872, (1872-ലെ 15)-നെ സംബന്ധിച്ചുള്ള ഈ ആക്ററിലെ പരാമർശങ്ങൾക്ക് ആവശ്യമാകുന്നിടത്തോളം ഇൻഡ്യൻ വിവാഹ ആക്ററ്, 1865, (1865-ലെ 5)-ന്റെ തൽസ്ഥാനീയ ഭാഗങ്ങൾക്ക് കൂടി ബാധകമാകുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതാണ്. — *1865-ലെ ആക്ററ് 5-ൻ കീഴിലെ വിവാഹങ്ങൾക്ക് ആക്ററിന്റെ ബാധകത*

6. ഇൻഡ്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹത്തിന്റെ സർട്ടിഫിക്കററുകൾ നൽകാൻ മുൻപറഞ്ഞ ആക്ററ്, 9-ാം വകുപ്പിൻകീഴിൽ ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ, മുൻ പറഞ്ഞ ആക്ററ്, ഭാഗം VI-ൻ കീഴിൽ ആഘോഷിക്കപ്പെടുന്നതോ ആഘോഷിക്കപ്പെടുന്നതായി ഭാവിക്കുന്നതോ, ആയ ഏതെങ്കിലും വിവാഹത്തിലെ കക്ഷികളിൽ ഒരാൾ, അങ്ങനെയുള്ള ആഘോഷത്തിന്റെ തീയതി ക്രിസ്ത്യാനി ആയിരുന്നില്ലെന്നു അറിഞ്ഞുകൊണ്ട് ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം അങ്ങനെയുള്ള വിവാഹം ആഘോഷിക്കുകയോ ആഘോഷിക്കുന്നതായി ഭാവിക്കുകയോ, അല്ലെങ്കിൽ ആ ഭാഗത്തിൽ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും സർട്ടിഫിക്കററ് നൽകുകയോ ചെയ്യുന്നുവെങ്കിൽ, അയാൾ തന്റെ ലൈസൻസ് റദ്ദാക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതും, അതിനു പുറമെ മുൻപറഞ്ഞ ആക്ററ്, 73-ാം വകുപ്പ് നിരോധിക്കുന്ന ഒരു കുററത്തിനു അപരാധിയായിട്ടുള്ളതായി കരുതപ്പെടുകയും അതനുസരിച്ച് ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതും ആകുന്നു. — *ക്രമരഹിതമായ വിവാഹങ്ങൾ ആഘോഷിക്കുന്നതിനുള്ള ദണ്ഡനം*